**INDIAN SCHOOL SOHAR**
**PERIODIC TEST - II ( 2018-19)**
**MALAYALAM**

No. of printed pages: 4

**CLASS: X** **MAX.MARKS: 80**

**DATE: 27/09/2018** **DURATION: 3 hours**

**The question paper is divided into four sessions:**

| | | | |
|---|---|---|---|
| **Section A** | **: Reading Comprehension** | **:** | **10 Marks** |
| **Section B** | **: Writing** | **:** | **16 Marks** |
| **Section C** | **: Grammar** | **:** | **17 Marks** |
| **Section D** | **: Literature** | **:** | **37 Marks** |

## എ വിഭാഗം

**1.** ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(10)**

പ്രത്യക്ഷത്തിൽ ഒരു വിദ്യാഭ്യാസ ചിന്തകൻ അല്ലെങ്കിലും ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനം വളരെ വിലപ്പെട്ടതാണ്. വിദ്യാഭ്യാസത്തിന്റെ വിഷയം മനുഷ്യൻ ആണല്ലോ. മനുഷ്യൻ കേവലം ഭൗതികസത്തയല്ല ആത്മീയ സത്ത കൂടിയാണെന്നത്രേ ഗാന്ധിജിയുടെ വിശ്വാസം. ഈ ദർശനത്തിന്റെ അടിത്തറയിലാണ് ആ മഹാത്മാവ് തന്റെ വിദ്യാഭ്യാസ ദർശന സൗധം പടുത്തുയർത്തിയിരിക്കുന്നത് . വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം നേടാൻ വിദ്യാർത്ഥികളിൽ പ്രാർത്ഥന, ആത്മശിക്ഷണം , തൊഴിലിനോടുള്ള താത്പര്യം , വിജ്ഞാന തൃഷ്ണ മുതലായ ശീലങ്ങൾ വളർത്തിയെടുക്കാൻ അധ്യാപകർക്കും മാതാപിതാക്കൾക്കും കഴിയണം. എല്ലാ ശക്തികളുടെയും ഉറവിടം പ്രാർത്ഥനയാണെന്ന് മഹാത്മജി പറഞ്ഞിട്ടുണ്ട്. വിനയത്തോടു കൂടിയ പ്രാർത്ഥനക്കേ ഫലമുള്ളൂ. വിദ്യാഭ്യാസ കാലം മുതൽ പ്രാർത്ഥനാശീലം വളർത്തിയെടുക്കുന്ന ഒരുവന് ജീവിത പരാജയം ഉണ്ടാവുകയില്ല.

ആത്മനിയന്ത്രണം ശീലിക്കാൻ ഉതകുന്നില്ലെങ്കിൽവിദ്യാഭ്യാസം നിഷ്പ്രയോജനമാണ്. നാം പഠിക്കുന്ന ശാസ്ത്രങ്ങൾ ആത്മനിയന്ത്രണത്തിന് സഹായിക്കുന്നില്ലെങ്കിൽ അവ എത്ര മെച്ചമായാലും പ്രയോജനരഹിതമാണെന്നത്രേ ഗാന്ധിജിയുടെ അഭിപ്രായം. വിദ്യാഭ്യാസം പൂർത്തിയാകുന്നതോടുകൂടി ഏതെങ്കിലും ഒരു തൊഴിലിൽ വിദ്യാർഥി വൈദഗ്ദ്ധ്യം നേടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അതിന് അദ്ദേഹം സ്വീകരിച്ച മാർഗം നൂൽ നൂൽപ്പായിരുന്നു. എന്നാൽ അത് ഇന്നത്തെ കാലത്ത് പ്രയോഗികമല്ലല്ലോ. എങ്കിലും അദ്ദേഹം ആവിഷ്കരിച്ച തത്വം ഇന്നും പ്രസക്തമാണ്. തൊഴിലിലൂടെ നാം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുകയാണ് ചെയ്യുന്നത്. തൊഴിൽ ആത്മാവിനു വിശുദ്ധിയും ഹൃദയത്തിന് ആനന്ദവും ബുദ്ധിക്ക് പ്രകാശവും ശരീരത്തിന് ശക്തിസൗന്ദര്യങ്ങളും നൽകുന്നു. അത് നമ്മെ ജീവിക്കാൻ കെൽപ്പുള്ളവർ ആക്കുന്നു .

a) വിദ്യാർത്ഥികളിൽ എന്തൊക്കെ ശീലങ്ങളാണ് അധ്യാപകരും മാതാപിതാക്കളും വളർത്തിയെടുക്കേണ്ടത്?

b) വിദ്യാർത്ഥികളിലെ ആത്മനിയന്ത്രണത്തെപ്പറ്റി ഗാന്ധിജിയുടെ അഭിപ്രായമെന്ത്?

c) എന്തിന്റെ അടിത്തറയിലാണ് ഗാന്ധിജി തന്റെ വിദ്യാഭ്യാസ ദർശനം പടുത്തുയർത്തിയിരിക്കുന്നത്?

d) തൊഴിലിന്റെ പ്രസക്തിയെന്ത് ?

e) ഗദ്യഭാഗത്തിന് ഉചിതമായ ശീർഷകം നൽകുക.

## ബി വിഭാഗം

**2.** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

**(8)**

a) ശുചിത്വ കേരളം - സുന്ദര കേരളം

b) ശാസ്ത്രം മനുഷ്യപുരോഗതിക്ക് നൽകിയ സംഭാവനകൾ

c) മൊബൈൽ ഫോണിന്റെ സ്വാധീനം കുട്ടികളിൽ

**3.** അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സുശക്തമായ കർമ്മസേന രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് തയ്യാറാക്കുക. **(8)**

## സി വിഭാഗം

**4.** പ്രയോഗം മാറ്റുക **(2)**

a) തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി.

b) തന്റെ അസ്ത്രം അർജുനനാൽ ഉടനെ പ്രതിസംഹരിക്കപ്പെട്ടു.

**5.** അംഗ-അംഗി വാക്യങ്ങൾ വേർതിരിക്കുക. **(2)**

a) വേദന മുഴുത്തും ശ്വാസം വലിച്ചും ചോര ശർദ്ദിച്ചും നിലത്തു കിടന്ന സുയോധനനെ കടിച്ചു വലിക്കാൻ കുറുക്കന്മാർ വന്ന്ചൂഴ്ന്നു നിന്നു.

b) നീണ്ടുനീണ്ട കാത്തിരിപ്പിനുശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

**6.** വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **(2)**

a) രാജാവിന്റെ രോദന വിലാപം കേട്ട ജനങ്ങൾ കണ്ണും നിറച്ചുകൊണ്ട് അങ്ങുമിങ്ങും പാഞ്ഞുപോയി.

b) ജയിലിനുള്ളിൽ കടന്ന വെള്ളായിയപ്പൻ മകന് നേർക്കുനേർ അഭിമുഖമായി നിന്നു.

**7.** പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക **(2)**

a) എണ്ണമറ്റ

b) അവൾ

**8.** വിഗ്രഹിച്ചെഴുതുക **(2)**

a) ഗജാശ്വങ്ങൾ

b) സ്വപ്നസമാനം

**9.** പര്യായപദങ്ങൾ എഴുതുക **(2)**

a) സൂതൻ

b) മണ്ണ്

**10.** നാനാർത്ഥം എഴുതുക **(2)**

a) മൂലം

b) മാനം

ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക

**11.** വിപരീതപദം എഴുതുക **(1)**

a) ആമയം (അനാമയം , അവമയം , നിരാമയം , വിരാമയം )

b) വൃദ്ധി ( ക്ഷയം , അഭിവൃദ്ധി , ക്ഷേമം , അവൃദ്ധി )

**12**. അർത്ഥവ്യത്യാസം എഴുതുക

a) സുമം – സമം (സമയം, പൂവ്, സാധനം, തുല്യം) **(1)**

b) വ്യഥ – വ്യഥാ (ദുഃഖം, കിഴവി, അഥവാ, വെറുതെ)

**13.** എതിർലിംഗം എഴുതുക **(1)**

a) മുക്തൻ (അമുക്ത, വിമുക്ത, മുക്ത, മുക്തി)

b) യുവാവ് (യതി, യുവത, യുവതിനി, യുവതി)

## ഡി വിഭാഗം

**14.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക **(5)**

a) അധ്യാത്മരാമായണത്തിലെ ഓരോ ഭാഗത്തെയും വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെ?

( കാണ്ഡം , സർഗം , അധ്യായം , പർവ്വം )

b) "പണ്ടു നിന്നെയോരിളം കുരുന്നതായ്

കണ്ടു ഞാൻ, സപദി വല്ലിയായി നീ " – ആരുടെ വാക്കുകളാണിത്?

( നളിനിയുടെ , ദിവാകരന്റെ , കവിയുടെ , സഖിയുടെ )

c) ബുധജനം എന്താണ് പരിത്യജിക്കേണ്ടത്?

( കാമം , ധനം , മോഹം , ക്രോധം )

d) കുമാരനാശാൻ ആരുടെ അരുമശിഷ്യൻ ആയിരുന്നു?

( ശ്രീ നാരായണഗുരുവിന്റെ , ചട്ടമ്പിസ്വാമികളുടെ , സ്വാമി വിവേകാനന്ദന്റെ , നിത്യചൈതന്യ യതിയുടെ )

e) "നിന്നാലസാധ്യമായില്ലൊരു കർമവും " – ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

( ശ്രീരാമനെക്കുറിച്ച് , ശ്രീകൃഷ്ണനെക്കുറിച്ച് , ലക്ഷ്മണനെക്കുറിച്ച് , രാജാവിനെക്കുറിച്ച് )

f) കൊലക്കയർ പോലെ വെള്ളായിയപ്പന് അനുഭവപ്പെട്ടതെന്ത്?

( മകന്റെ സ്നേഹം , അപരിചിതരുടെ സംഭാഷണം , കോടച്ചിയുടെ പൊതിച്ചോർ , പാറാവുകാരുടെ പെരുമാറ്റം )

g) ' ഗുരുഘ്നാതികൾക്ക് കുലപാംസന , ലോകങ്ങളില്ല' - ഗുരുഘ്നാതി ആര്?

( അശ്വത്ഥാമാവ് , ദുര്യോധനൻ , ധൃഷ്ടദ്യുമ്നൻ , കൃപർ )

h) 'ഭാരതപര്യടനം ' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ പെടുന്നു?

( നിരൂപണം , സഞ്ചാര സാഹിത്യം , നോവൽ , ചെറുകഥ )

i) കൈയിൽ ഘടികാരം ഇല്ലെങ്കിലും വെള്ളായിയപ്പൻ സമയം അറിഞ്ഞതെങ്ങനെ?

(കാക്കക്കരച്ചിൽ , ജയിലിലെ കൊമ്പുവിളി , പാറാവുകാരുടെ ഓർമ്മപ്പെടുത്തൽ ,കർഷകന്റെ ജന്മസിദ്ധി )

j) ' ഞാനിന്ന് ഇന്ദ്രനെപ്പോലെയായി ' എന്ന് ദുര്യോധനൻ പറയാൻ കാരണം എന്ത്?

( ശിഖണ്ഡി കൊല്ലപ്പെട്ടത് കൊണ്ട് , സമന്തപഞ്ചകത്തിൽകിടന്നു മരിക്കുന്നതിൽ , പടപ്പാളയം നശിപ്പിച്ചതിൽ , കടമകൾ നിർവഹിച്ചതിനാൽ )

**15.** ഉത്തരമെഴുതുക

a) "ഏവമോതിയിടരാർന്നു കണ്ണുനീർ

തൂവിനാൾ മൊഴി കുഴങ്ങിനിന്നവൾ " – ആരാണ് നിന്നത്? എന്താണ് അവൾ ഓതിയത്? **(4)**

b) ക്രോധം പൂണ്ട് ലോകനാശത്തിനൊരുങ്ങി നിന്ന ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിച്ചതെങ്ങനെ? **(4)**

c) "അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ " – ഇതിലൂടെ കവി അവതരിപ്പിച്ചിരിക്കുന്ന ജീവിതവീക്ഷണം എന്ത്? **(4)**

d) "ആ ഹൃദയോന്നതിക്ക് മുമ്പിൽ ആ ആഭിജാത്യത്തിന് മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും? - ആരുടെ? എന്തുകൊണ്ട്? സന്ദർഭം വിശദീകരിക്കുക. **(4)**

e) കഥാസന്ദർഭങ്ങളെ മുൻനിർത്തി 'കടൽത്തീരത്ത്' എന്ന കഥയിലെ വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക, **(4)**

f) "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടു വരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി. മരിച്ചവരോ സ്വർഗത്തിലായി. " - ആശയം വ്യക്തമാക്കുക. **(4)**

**16.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **(8)**

a) സകലകലാവല്ലഭൻ എന്ന വിശേഷണം ചട്ടമ്പിസ്വാമികൾക്ക് എത്രമാത്രം അനുയോജ്യമാണ്?

b) "സ്വാമിയുടെ സന്നിധിയിൽ ഹിംസ്ര ജന്തുക്കൾ പോലും ശാന്തരാകും " – എന്നതിന് ഒരു സംഭവം വിവരിക്കുക.

c) ചട്ടമ്പിസ്വാമികൾക്ക് ' വിദ്യാധിരാജൻ ' എന്ന വിശേഷണം നൽകിയത് ആരായിരുന്നു? വിശേഷണത്തിന്റെ ഔചിത്യം വിശദമാക്കുക.

*****************************************